**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2742 13.03.2020-ൽ മറുപടി നൽകേണ്ടത്

**വൊക്കേഷണൽ കോഴ്സുകളുടെ പരിഷ്കരണം**

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**പ്രൊഫ. സി.രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര വൊക്കേഷണൽ സ്കൂളുകളാണുള്ളത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം 41<br>കൊല്ലം 52<br>പത്തനംതിട്ട 27<br>ആലപ്പുഴ 21<br>കോട്ടയം 31<br>ഇടുക്കി 16<br>എറണാകുളം 34<br>തൃശ്ശൂർ 36<br>പാലക്കാട് 25<br>മലപ്പുറം 27<br>കോഴിക്കോട് 28<br>വയനാട് 10<br>കണ്ണൂർ 19<br>കാസർഗോഡ് 22 |
| (ബി) | വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസരംഗത്തേക്ക് പഠിച്ച കോഴ്സുകളിൽ തുടർപഠനം സാധ്യമാകാതെ പോകുന്ന അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും വൊക്കേഷണൽ കോഴ്സുകൾക്ക് കാലോചിതമായ പരിഷ്കരണം നടത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) | 2018 ഡിസംബർ മാസം 27 നുള്ളിൽ സംസ്ഥാനത്തെ എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യു.എഫ് അധിഷ്ഠിതമായിരിക്കണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 2018-19 അധ്യയനവർഷം 66 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും, 2019-20 അധ്യയനവർഷം 35 സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലുമായി 17 ജോബ് റോളുകൾ ഉൾപ്പെടുത്തി, NSQF അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2020-21 അധ്യയനവർഷം മുതൽ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളും NSQF അധിഷ്ഠിതമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ നടന്നുവരുന്നു. NSQF പാഠ്യപദ്ധതിയിൽ പഠിതാവിന് വ്യവസായിക അനുബന്ധ പ്രവർത്തനങ്ങളുമായി കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതിന് സാധിക്കുന്നു. NSQF മുഖേന വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ദേശീയതലത്തിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കപ്പെടുക മാത്രമല്ല, പഠിതാക്കൾക്ക് രാജ്യത്തെല്ലായിടത്തും സ്വീകാര്യമായ യോഗ്യത കൈവരിക്കുവാനും സാധിക്കുന്നു. കൂടാതെ ഇവർക്ക് ദേശീയവും അന്തർദേശീയവുമായ ചലനാത്മകത പ്രസ്തുത പാഠ്യപദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ഡി) | സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളാണ് ഏറെയും വൊക്കേഷണൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഇവരുടെ ക്ഷേമം മുൻനിർത്തി സ്കൂളുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ? | (ഡി) | പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് വഴി 500 മുതൽ 1000 കുട്ടികൾ വരെ പഠിക്കുന്ന 444 സ്കൂളുകൾക്ക് 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിൽ 37 വി.എച്ച്.എസ്.ഇ സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ എൻ.എസ്.ക്യു.എഫ് പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ ലാബുകളുടെ നവീകരണവും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.